"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

**ഓപ്പൺ പ്രിസൺ & കറക്ഷണൽ**
**ഹോം, നെട്ടുകാൽത്തേരി**
പിൻ - 695 574
04722850044
op.ntkl.prisons@kerala.gov.in

KPCS/OP/9/2025-G1 തീയതി: 15-09-2026

| | |
|---|---|
| സൂചന : | ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 20/08/2026 തീയതിയിലെ KPCS/4568/2026-G4 എന്ന നമ്പർ ഉത്തരവ്. |

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഭാഗമായിട്ടുള്ള തേവൻകോട് അനക്സിലെ കശുമാവിൻ തോട്ടത്തിലെ കാർഷിക ആവശ്യങ്ങൾക്കായി 2,500 കിലോഗ്രാം 18:9:18 കൂട്ടവളം വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള അംഗീകൃത വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്ത് "**<u>തേവൻകോട് അനക്സിലെ കശുമാവിൻ തോട്ടത്തിലേക്ക് 18:9:18 കൂട്ടവളം വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ</u>**" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 25-09-2026 വെള്ളിയാഴ്ച വൈകുന്നേരം 3.00 മണി വരെയാണ്. അന്നേ ദിവസം വൈകുന്നേരം 4.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും, മാനദണ്ഡങ്ങൾ പാലിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

വിതരണം ചെയ്യുന്ന രാസവളം മികച്ച ഗുണനിലവാരമുള്ളതും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കാർഷിക മാനദണ്ഡങ്ങൾ പാലിക്കുന്നതുമായിരിക്കണം. രേഖപ്പെടുത്തുന്ന തുകയിൽ എല്ലാവിധ നികുതികളും, കയറ്റിറക്ക് കൂലിയും, തേവൻകോട് അനക്സിൽ സാധനം നേരിട്ട് എത്തിച്ചു നൽകുന്നതിനുള്ള ഗതാഗതച്ചെലവുകളും ഉൾപ്പെട്ടിരിക്കേണ്ടതാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നെട്ടുകാൽത്തേരി തുറന്ന ജയിൽ കാര്യാലയവുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. കൂടാതെ, ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും വ്യവസ്ഥകൾ പാലിക്കാത്തവ പ്രത്യേക അറിയിപ്പുകൾ കൂടാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

വിശ്വസ്തതയോടെ

Digitally signed by
Mohammed Siyad K
Date: 15-09-2026
18:16:46

SUPERINTENDENT